ജന്മഭൂമി

09 January 2018

# കടലിൽ കൂടുമത്സ്യകൃഷിയുമായി സിഎംഎഫ്ആർഐ

**കൊച്ചി:** കടലിൽ കൂടുമത്സ്യകൃഷി സമ്പ്രദായവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ആദ്യ പടിയായി സിഎംഎഫ്ആർഐ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നു.

രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യത്തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഉടൻ കടൽ കൂടുകൃഷി വ്യാപമാക്കുന്നതിന്റെ ഭാഗമായാണ് പരിശീലനം. ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി.

പരിശീലനം പൂർത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സിഎംഎഫ്ആർഐ ഔദ്യോഗിക അംഗീകാര പത്രങ്ങൾ നൽകും. ദേശീയ



കടലിൽ നടത്തുന്ന കൂടുമത്സ്യകൃഷിയുടെ ദൃശ്യം

സമുദ്രമത്സ്യകൃഷി നയം പ്രാബല്യത്തിൽ വരുന്നതോടെ കടലിൽ കൂടുമത്സ്യകൃഷി സംരംഭങ്ങൾ വ്യാപകമാകുമെന്നാണ് പ്രതീക്ഷ. മീൻപിടുത്തത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കൂടുമത്സ്യ കൃഷിയിലൂടെ അധിക വരുമാനവും നേടാനാകും. സിഎംഎഫ്ആർഐയുടെ മാരികൾച്ചർ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് പരിശീലനം. സിഎംഎഫ്ആർഐയുടെ കൊച്ചി കേന്ദ്രത്തിൽ 29 മുതൽ 31 വരെ നടക്കുന്ന ത്രിദിന പരിശീലന പരിപാടിയിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് പങ്കെടുക്കാം.

കൂടുനിർമാണം, കൃഷി ചെയ്യുന്നതിനുള്ള സ്ഥല നിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മത്സ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം. കൊച്ചി കേന്ദ്രത്തിലെ പരിശീലനത്തിൽ, പങ്കെടുക്കാൻ 0484-2394867.